കുറയ്ക്കുന്നതിന്റെ ഭാഗമായി, നഷ്ടം കുറയ്ക്കണമെന്നതിന്റെ ഭാഗമായി, അത്യാവശ്യമുള്ള ഓപ്പറേറ്റിംഗ് വിഭാഗത്തിലും മെക്കാനിക്കൽ വിഭാഗത്തിലുമുള്ള ജീവനക്കാരെ പൂർണ്ണമായി നിയമിക്കുകയും, മിനിസ്റ്റീരിയൽ വിഭാഗത്തിൽ കുറക്കാവുന്നതിന്റെ പരമാവധി കുറയ്ക്കുകയും ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ക്ലാർക്കിന്റെ എണ്ണം കുറയ്ക്കുന്നത്. ക്ലാർക്കിന്റെ എണ്ണം കുറയ്ക്കുന്നതുകൊണ്ട് വരുന്ന ബുദ്ധിമുട്ട് ജീവനക്കാരുടെ മറ്റു കാര്യങ്ങളിൽ വരുന്ന ബുദ്ധിമുട്ടാണ്. അത് ഉള്ള ജീവനക്കാരെവച്ച്തന്നെ പരമാവധി കൈകാര്യം ചെയ്യാം. അത്യാവശ്യമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പറുമായി ഡിസ്ക്കസ് ചെയ്യാം. തീരെ അത്യാവശ്യമുള്ള സ്റ്റാഫിനെ അവിടെ നിയമിക്കാനുള്ള നടപടി സ്വീകരിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ഷെഡ്യൂളും ക്യാൻസൽ ചെയ്യുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടില്ല. ഒരു ട്രിപ്പും കട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശവും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പരിഹാരം ഉണ്ടാക്കുന്നതാണ്.

വ്യാവസായിക നിക്ഷേപം

2 [*332] ഡോ. തോമസ് ഐസക്ക് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യാവസായിക നിക്ഷേപ അന്തരീക്ഷം മെച്ചപ്പെട്ടിട്ടുള്ളതായി കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം നിലയിലാണ് മെച്ചപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വ്യവസായ അന്തരീക്ഷം മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽ നിക്ഷേപത്തിന്റെ കാര്യത്തിൽ സ്വാഭാവിക വർദ്ധനപോലും പ്രകടമാകാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : (എ & ബി) ഉണ്ട്. പുതിയ വ്യവസായ, ഐ.ടി., തൊഴിൽ, ബയോടെക്നോളജി നിയമങ്ങൾ നടപ്പിൽ വന്നതോടെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിന് വളരെ അനുകൂലമായ അന്തരീക്ഷം സംജാതമായിട്ടുണ്ട്. തൊഴിൽ പ്രശ്നങ്ങളുടെ കാര്യത്തിൽ ഗണ്യമായ കുറവും നിക്ഷേപകരോടുള്ള സമീപനത്തിൽ പ്രോൽസാഹജനകമായ മാറ്റവും ഉണ്ടായിട്ടുണ്ട്. കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിയിരിക്കുകയാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വൻ നിക്ഷേപങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ ധാരാളം നിക്ഷേപകരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിലെ നിക്ഷേപത്തിലും വർദ്ധന ഉണ്ടായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യവസായമേഖലയിൽ നിക്ഷേപം വർദ്ധിക്കുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്ക് : കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിക്കഴിഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുന്നത്. അതിന്റെ ഫലമായി വൻകിട വ്യവസായ മേഖലയിൽ മാത്രമല്ല ചെറുകിട വ്യവസായ മേഖലയിലും ഒട്ടേറെ നിക്ഷേപകരെ ആകർഷിക്കാൻ കഴിഞ്ഞുവെന്ന് അദ്ദേഹം അവകാശപ്പെടുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റിക്ക് വ്യവസായ വകുപ്പ് വിതരണം ചെയ്ത കുറിപ്പ് പ്രകാരം 2000-01 ൽ ഇരുപതിനായിരം വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം നിക്ഷേപം നൽകി. അടുത്ത വർഷം 2001-02 ൽ പതിനെണ്ണായിരമായി കുറഞ്ഞു. 2002-03 ൽ അത് പന്ത്രണ്ടായിരമായി കുറഞ്ഞു. ഈ നടപ്പ് വർഷം ജനുവരി മാസം വരെ 3903 വ്യവസായ യൂണിറ്റുകൾക്കാണ് സ്ഥിരനിക്ഷേപം നൽകിയത്. 2000-01 ൽ 416 കോടി രൂപ ചെറുകിട വ്യവസായ മേഖലയിൽ നിക്ഷേപമുണ്ടായിയെങ്കിൽ കഴിഞ്ഞ വർഷം വെറും 120 കോടി രൂപയാണ് നിക്ഷേപിക്കപ്പെട്ടത്. തൊഴിലിന്റെ കാര്യത്തിൽ ഇക്കണോമിക് റിവ്യൂവിലെ കണക്ക് പ്രകാരം സംഘടിത വ്യവസായ മേഖലയിൽ 2001 ൽ 3.2 ലക്ഷം തൊഴിലാളികൾ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് 2.1 ലക്ഷം തൊഴിലാളികളാണ് സംഘടിത വ്യവസായങ്ങളിൽ ഉള്ളത്. മൊത്തം സംഘടിത മേഖല എടുത്താൽ 12.4 ലക്ഷം തൊഴിലാളികൾ ഉണ്ടായിരുന്നത് ഇപ്പോൾ 11.2 ലക്ഷമാണ്. ഇത്തരം അവകാശവാദങ്ങളൊക്കെ യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. ഒക്കെ പൊള്ളയാണ്. അതുകൊണ്ട് അവകാശവാദങ്ങളിൽ തൂങ്ങിക്കിടക്കാതെ നമ്മുടെ വ്യവസായ മേഖല നേരിടുന്ന ഗൗരവമായ പ്രശ്നത്തെക്കുറിച്ച്, അവിടുത്തെ വ്യവസായ അന്തരീക്ഷത്തെക്കുറിച്ച് തുറന്നൊന്ന് പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പൊള്ളയാണെന്നുള്ള അദ്ദേഹത്തിന്റെ വാദം ശരിയല്ല. ഒന്നാമത് സി.ഡി. റേഷ്യോ വർദ്ധിച്ചിട്ടുണ്ട്. അതുതന്നെ വ്യവസായ വികസനത്തെ ചൂണ്ടിക്കാണിക്കുന്ന ചൂണ്ടുപലകയാണ്. ചെറുകിട വ്യവസായത്തെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ കാര്യം മുൻപ് ചെറുകിട വ്യവസായങ്ങളുടെ രജിസ്ട്രേഷൻ എന്നതിൽ എല്ലാ കാര്യങ്ങളിലും ബ്യൂട്ടി പാർലർ അതുപോലുള്ള സർവ്വീസ് മേഖലകളിൽ എല്ലാം രജിസ്ട്രേഷൻ നൽകിയിരുന്നു. മറ്റൊന്ന് ചെറുകിട വ്യവസായങ്ങൾക്ക് കിട്ടിവരുന്ന പല അവകാശങ്ങളും അല്ലെങ്കിൽ അവർക്ക് കിട്ടിയിരുന്ന പല സൗജന്യങ്ങളും കിട്ടാത്തതുകൊണ്ട് പലരും രജിസ്ട്രേഷന് മുന്നോട്ട് വരുന്നില്ല എന്നുള്ളതാണ് രജിസ്ട്രേഷനിൽ കുറവ് കാണിക്കുന്നത്. മറ്റൊരു പ്രധാന സംഗതി വൻകിട വ്യവസായങ്ങളെ സംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചതുപോലെ ഫ്രണ്ട്‌ലിയായിട്ടുള്ള നടപടിമൂലമാണ് 20,000 കോടി രൂപയുടെ വ്യവസായം ഇപ്പോൾ കൊച്ചി കേന്ദ്രീകരിച്ചുവന്നതിന്റെ പ്രധാന കാരണം നമ്മൾ വളരെ സൗഹൃദപരമായ സമീപനം- തൊഴിലാളികളും വ്യവസായികളും ഗവൺമെന്റും എല്ലാം എടുത്തതിന്റെയടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇതിനെ സംബന്ധിച്ച് ഒരു റിവ്യൂ നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ഡോ. തോമസ് ഐസക്ക് : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ ചെറുകിട വ്യവസായ മേഖലയുടെ നിർവ്വചനത്തിൽ വന്ന മാറ്റം മൂലമാണ് കുറവ് എന്ന് പറഞ്ഞെങ്കിലും സംഘടിത മേഖലകളിലെ കുറവ് വിശദീകരിക്കാൻ പറ്റില്ല. അവിടെ നിർവ്വചനത്തിന് ഒരു മാറ്റവും വന്നിട്ടില്ല. ഏതായാലും നൽകിയിട്ടുള്ള ഉത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം ഇങ്ങനെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറുന്നതിന് ഒരു പ്രധാന കാരണം തൊഴിൽ പ്രശ്നങ്ങളുടെ കാര്യത്തിൽ വന്നിട്ടുള്ള ഗണ്യമായിട്ടുള്ള കുറവാണ്. ഇത് സംബന്ധിച്ച് ഇക്കണോമിക് റിവ്യൂവിൽ നൽകിയിട്ടുള്ള കണക്കുകൾ ഈ നിലപാടിന് യോജിച്ചിട്ടുള്ളതല്ല. സ്ട്രൈക്ക്/ലോക്കൗട്ട്മൂലം നഷ്ടപ്പെട്ടിരിക്കുന്ന തൊഴിൽ ദിനങ്ങൾ, 2000-01 ൽ 18 ലക്ഷം, 2002-03 ൽ 24 ലക്ഷം, 2003-04 ൽ 13 ലക്ഷം. ഇതിൽ രസകരമായ ഒരു വസ്തുത 19 ലക്ഷത്തിൽ ഒരു ലക്ഷത്തിൽ താഴെ മാത്രമേ സമരംമൂലം നഷ്ടപ്പെട്ടിട്ടുള്ളൂ. ബാക്കി 18 ലക്ഷവും മാനേജുമെന്റും, മുതലാളിമാരും നടത്തുന്ന ലോക്കൗട്ടുകളുടെ ഫലമായിട്ടാണ്. അത് മുൻവർഷങ്ങളിൽ നോക്കിയാലും ഇതു തന്നെയാണ്. യഥാർത്ഥത്തിൽ കേരളത്തിൽ ഉണ്ടായിരിക്കുന്നത്, മാനേജ്മെന്റ് (മുതലാളിമാർ) തൊഴിലാളികൾക്കെതിരെ അപ്രഖ്യാപിത സമരം പ്രഖ്യാപിച്ചിരിക്കുന്നതാണ്. ഏകപക്ഷീയമായി കരാറുകൾ ലംഘിക്കുന്നു. ലോക്കൗട്ടുകൾ പ്രഖ്യാപിക്കുന്നു. ഇക്കണക്കിൽ ഇപ്പോൾ KSDP എന്ന പൊതുമേഖലാ സ്ഥാപനത്തിൽ ഒരു ലോക്കൗട്ടുമില്ല, ഒരു പൈസയുടെ ഉല്പാദനവും അവിടെ നടന്നിട്ടില്ല. അതിന്റെ പശ്ചാത്തലത്തിൽ ഈ മുതലാളിമാരുടെ, മാനേജുമെന്റിന്റെ ഈ സമീപനം തൊഴിൽ അന്തരീക്ഷത്തെ മോശപ്പെടുത്തുമെന്ന് മനസ്സിലാക്കിക്കൊണ്ട് അത് തിരുത്തിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ഈ കാര്യത്തിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. മാത്രമല്ല, പല മാനേജുമെന്റുകളും അപ്പോഴപ്പോൾ ടെക്നോളജി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ശ്രദ്ധിക്കുന്നില്ലായെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവണ്മെന്റ് കാര്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, ചികിത്സാ രംഗത്തും, ഐ.ടി. മേഖല തുടങ്ങിയ സാങ്കേതിക രംഗത്തും വിപ്ലവകരമായ വ്യാവസായിക പരിവർത്തനം നടത്തുന്ന നാനോ ടെക്നോളജി വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ വ്യവസായിക നിക്ഷേപക സംരംഭത്തിനുള്ള വാഗ്ദാനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, നാനോ ടെക്നോളജി സംബന്ധിച്ച് ഒരു നിർദ്ദേശം കിട്ടിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് ചർച്ച നടന്നുവരുന്നുണ്ട്. ഇപ്പോൾ വിശദവിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, ഇന്ത്യയിൽ ഇറങ്ങുന്ന ആഡംബര കാറുകളുടെ മുഖ്യ വിപണിയാണ് കേരളം. പക്ഷേ കേരളത്തിൽ ആട്ടോമൊബൈൽ വ്യവസായ സംരംഭം ഉണ്ടാകുന്നില്ല. അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; അങ്ങനെയാണെങ്കിൽത്തന്നെ BMW കാർ നിർമ്മാതാക്കൾ കൊച്ചിയിൽ യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത നിക്ഷേപം ആകർഷിക്കാൻ കഴിയാതിരുന്നതിന്റെ കാരണം എന്തെന്ന് വിശദീകരിക്കാമോ ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, BMW കൊച്ചിയിൽ വരുവാനുള്ള സാധ്യത അറിയിച്ചിട്ടുണ്ട്. അടുത്ത മാസം അതിനെപ്പറ്റി വിശദമായ ചർച്ചകൾ നടക്കുന്നുണ്ട്. കൊച്ചിയിലെ കളമശ്ശേരിയിൽ HMT - യിൽ നിന്ന് ഏറ്റെടുത്ത 25 ഏക്കർ സ്ഥലം അതിനായി നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കേരളത്തിൽ വ്യാവസായിക നിക്ഷേപം വർദ്ധിച്ചിട്ടുള്ളതായും, അതിന്റെ ഭാഗമായി കുറേ വ്യവസായങ്ങൾ വന്നതായും അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. വ്യവസായ നിക്ഷേപം ഇങ്ങനെ വന്നതിന്റെ ഭാഗമായി എത്ര പുതിയ വൻകിട/ചെറുകിട വ്യവസായങ്ങൾ വന്നു എന്നും, അതിൽ എത്ര കോടി മൂലധനം നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഈ ഗവണ്മെന്റ് വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ 17 പുതിയ വ്യവസായങ്ങൾ വരികയുണ്ടായിട്ടുണ്ട്. അതിനെല്ലാത്തിനും കൂടി പതിനായിരത്തി ഒരുന്നൂറ്റി പതിനാറ് ലക്ഷം രൂപയാണ് മുതൽമുടക്കുള്ളത്. അതിൽ കെ.എസ്.ഐ.ഡി.സി. ഫിക്സ് ചെയ്തിരിക്കുന്നത് മൂവായിരത്തി ഇരുന്നൂറ്റി നാൽപത്തഞ്ച് ലക്ഷം രൂപയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കേരളത്തിൽ ഏതാണ്ട് 50 ലക്ഷത്തോളം ആളുകൾ ഉപജീവനം നടത്തുന്നത് പരമ്പരാഗത മേഖലയിൽ ജോലിയെടുത്തിട്ടാണ്. അപ്പോൾ പരമ്പരാഗത വ്യവസായ മേഖലയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ഗവണ്മെന്റ് സമഗ്രമായ പ്രോഗ്രാം വല്ലതും തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പരമ്പരാഗത മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി കണ്ണൂരിൽ കൈത്തറിക്ക് ഒരു പുതിയ മേഖലതന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ഗവണ്മെന്റ് ചെലുത്തുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമ്മൾ നിക്ഷേപം സമാഹരിക്കാൻവേണ്ടി ഏറെ കൊട്ടിഘോഷിച്ച് നടപ്പാക്കിയ പരിപാടിയായിരുന്നു 'ജിം'. ആ ജിം - നുശേഷം കേരളത്തിൽ നിക്ഷേപകരുടെ വരവ് എത്ര കണ്ട് വർദ്ധിച്ചുവെന്നും അതുവഴി എത്ര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിൽ കൊടുത്തിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചും ഗവണ്മെന്റ് വ്യക്തമായ പഠനം നടത്തിയിട്ടുണ്ടോ ; ജിം -നുമുമ്പും, അതിന് ശേഷവും നമ്മുടെ വ്യവസായ രംഗത്തുണ്ടായ മാറ്റത്തെക്കുറിച്ച് സമഗ്രമായ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ; സർവ്വേ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ കണക്ക് ഈ സഭയിൽ വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, 'ജിം' -നോടനുബന്ധിച്ചുണ്ടായ അനുകൂലമായ അന്തരീക്ഷം കൊണ്ടാണ് പുതിയ വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായത്. പ്രധാനമായും കൊച്ചിയിൽ വന്നിട്ടുള്ള വ്യവസായങ്ങളെല്ലാം അതിനോടനുബന്ധിച്ചുണ്ടായതാണ്. അത് വളരെ വ്യക്തമാണ്. അത് സംബന്ധിച്ച് ഗവണ്മെന്റ് പഠിച്ചിട്ടുണ്ട്. മാത്രമല്ല, ജിം -നോടനുബന്ധിച്ചും, ജിം-നുശേഷവും അതിന്റെ ഫോളോ അപ്പ് എന്ന നിലയിൽ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കുവേണ്ടി B to B meet കഴിഞ്ഞ ഫെബ്രുവരിയിൽ നടത്തുകയുണ്ടായി. ഈ സെപ്റ്റംബറിൽ അതിന്റെ ഫോളോ അപ്പ് നടത്തുന്നുണ്ട്. അതും അതിന്റെ ഭാഗമായിട്ടുള്ള ഒരു പഠനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമ്മുടെ വ്യവസായ പ്രതിസന്ധിക്ക് പ്രധാനപ്പെട്ട ഒരു കാരണം കേന്ദ്ര ഗവണ്മെന്റിന്റെ സാമ്പത്തിക നയവും, കേന്ദ്ര ഗവണ്മെന്റിന്റെ ഇറക്കുമതി നയവുമാണ്. ഇതുകൊണ്ട് ഒട്ടുമിക്ക വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അത് സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായമെന്താണ്; അതായത് കേന്ദ്രം തുടരുന്ന ഈ സാമ്പത്തിക ഇറക്കുമതിനയം മൂലം നമ്മുടെ വ്യവസായത്തെ അല്ലെങ്കിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിൽ എത്ര കണ്ട് തടസ്സമുണ്ട് എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; കേന്ദ്ര ഗവണ്മെന്റിലെ ഈ നയം നമ്മുടെ സംസ്ഥാനത്ത് നിക്ഷേപം വരുന്നതിനും, വ്യവസായങ്ങൾ തുടങ്ങുന്നതിനും തടസ്സമായി നിൽക്കുന്നില്ലേ എന്ന് ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, എൻ. ഡി. എ. ഗവണ്മെന്റിന്റെ കാലത്ത് അത് ശരിയായിരുന്നു. യു. പി. എ. ഗവണ്മെന്റിന്റെ കാലത്ത് ചില മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന കാര്യങ്ങളിലെല്ലാം അവർ വിട്ടു നിൽക്കുകയാണ്. മാത്രമല്ല, കൂടുതൽ നിക്ഷേപം പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. പി. ജെ. ജോയി : സർ, വ്യവസായ നിക്ഷേപത്തിന്റെ ഭാഗമായി TELK കമ്പനി Siemens India എന്ന കമ്പനിയെ Strategical പാർട്ട്ണറായി നിയോഗിക്കാൻ ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഗവണ്മെന്റ് Siemens - ുമായി ചർച്ച ചെയ്തു എന്നുള്ളത് സത്യമാണ്. അവർ 76% ആണ് പാർട്ട്ണർഷിപ്പ് ആവശ്യപ്പെട്ടത്. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം TELK -നെ ഒരു കാരണവശാലും ഗവണ്മെന്റ് ഉടമയിൽനിന്ന് മാറ്റുന്ന കാര്യം ആലോചിക്കാൻ കൂടി സാധിക്കുകയില്ല. അതുകൊണ്ട് അവരുമായി കരാർ നടക്കില്ല. മാത്രമല്ല, ബാക്ക് ഔട്ട് ചെയ്തിരിക്കുകയാണ്. അതുസംബന്ധിച്ച് ഇന്നലെ അവരുടെ ഒരു ലെറ്റർ വന്നിരുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, വ്യാവസായിക നിക്ഷേപം ഉദ്ദേശിച്ചുകൊണ്ട് നമ്മുടെ ടെലിവിഷൻ ചാനലുകളിൽ കിൻഫ്രയുടേതായ ഒരു പരസ്യമുണ്ട്. ഭംഗിയുള്ള ചിപ്സ്, ഫിഷ്, ഇതൊക്കെ to Dubai, to Singapore to New York..... എന്നൊക്കെ സ്റ്റിക്കർ ഒട്ടിച്ച് അഞ്ച്, പത്ത് സെക്കന്റ്സ് വരെയേ ഉള്ളൂ. സമയക്കുറവ് കാരണം ഈ പരസ്യത്തിന്റെ മെസ്സേജ് കൺവേ ചെയ്യാൻ പറ്റുന്നില്ല. അപ്പോൾ അഞ്ച്, പത്ത് സെക്കന്റ്സ് മാറ്റിയിട്ട് ഇരുപത്, മുപ്പത് സെക്കന്റ്സ് വരെ ആക്കിയാൽ അത് ആൾക്കാർക്ക് മനസ്സിലാകും. ഇതുപോലുള്ള അപാകതകൾ പരിഹരിച്ച് പരസ്യം ചെയ്യാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി പറഞ്ഞ കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും അതിന് വേണ്ട നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നതാണ്. പരസ്യം നൽകുന്നതിന് ചില ഏജൻസികളും അവരുടെ മാനേജുമെന്റുമൊക്കെ ഉണ്ടാകും. അവരുടെ ഒരു കൺസൽട്ടേഷൻ കൂടിയുണ്ട്. അത് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

ശ്രീ. എം. എം. ഹസൻ : സർ, കഴിഞ്ഞ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ 7000 കോടി രൂപയുടെ നിക്ഷേപത്തിനുള്ള പ്രായോഗിക പദ്ധതികളാണ് അവതരിപ്പിച്ചിട്ടുള്ളതെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ പൊതുമേഖലയിൽ മാത്രം 20,000 കോടി രൂപയുടെ പദ്ധതികൾ വന്നിട്ടുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ നമ്മുടെ രാഷ്ട്രീയപാർട്ടികളിൽപ്പോലും വ്യാവസായിക മനോഭാവം വളർന്നുവരുന്നുണ്ട്. ഒരു തരത്തിലുള്ള കോർപ്പറേറ്റ് കൾച്ചർ രാഷ്ട്രീയ പാർട്ടികളിൽ വളർന്നുവരുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ചെറുകിട വ്യവസായങ്ങൾ ഇവിടെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേകിച്ച് വിദേശ മലയാളികൾ ഇവിടെ മുതൽ മുടക്കാൻ തയ്യാറാണ്. പക്ഷേ എന്തു തുടങ്ങും എങ്ങനെ തുടങ്ങണം എന്നതിന് അവർക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ B to B meet പോലുള്ള നേരത്തെ നടത്തിയ നിക്ഷേപ സംരംഭങ്ങൾ പ്രത്യേക പദ്ധതികൾ തയ്യാറാക്കി വിദേശ മലയാളികളുടെ ചെറുകിട നിക്ഷേപങ്ങൾ കൂടുതൽ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, വരുന്ന സെപ്റ്റംബറിലാണ് അടുത്ത B to B meet നിശ്ചയിച്ചിട്ടുള്ളത്. B to B meet-ൽ പ്രത്യേകിച്ച് ഈ നിർദ്ദേശങ്ങൾ പരിഗണിച്ച് വിദേശത്തുനിന്നുള്ള വ്യവസായികളെ ആകർഷിക്കാൻ വേണ്ടിയുള്ള ഒരു സെഷനും നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, 4-3-2005-ൽ എന്റെ ഒരു Calling Attention-ന് മറുപടിയായി ഉത്പന്നങ്ങളുടെ മേന്മക്കുറവ്, മാനേജ്മെന്റ് തകരാറ്, സാമ്പത്തിക കുഴപ്പം, നിരക്കിലെ വർദ്ധനവ്, വിവിധ ബാങ്കുകളുടെ നിസ്സഹകരണം കമ്പനികൾ യഥാസമയം ആധുനികവത്ക്കരിക്കാത്തത്, വിപണിയിലെ മത്സരങ്ങൾ തുടങ്ങിയവയാണ്. അടച്ചുപൂട്ടലിന് നിർബന്ധിക്കപ്പെടുന്ന കാരണങ്ങളെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അപ്പോൾ നിരവധി സ്ഥാപനങ്ങൾ അടച്ചുപൂട്ടി എന്നത് ഒരു സത്യമാണ്. ഇനി വളരെ പ്രധാനപ്പെട്ടത് ഇലക്ട്രിസിറ്റി താരിഫ് വർദ്ധനവ്മൂലം നമ്മുടെ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ഒരു ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ മൂന്നുരൂപ നാല്പതു പൈസ ഒരു യൂണിറ്റിന് കൊടുത്തിരുന്നത് ഇപ്പോൾ ഏഴ് രൂപ നാല്പതു പൈസ ആയിരിക്കുകയാണ്. ഇലക്ട്രിസിറ്റി വർദ്ധനവ് ഈ രൂപത്തിൽ ഉള്ളിടത്തോളം കാലം ഒരൊറ്റ വ്യവസായ സ്ഥാപനത്തിനും കേരളത്തിൽ നിലനിൽക്കാൻ പറ്റില്ല. ഇത് കുറച്ചു കൊണ്ടുവരുന്നതിനും അതുവഴി വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടൽ ഉണ്ടാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം. ഇതോടൊപ്പം ഒരു കാര്യംകൂടി കൂട്ടിച്ചേർക്കാം. പാലക്കാട് ജില്ലയിലെ പതിനഞ്ച് ഇരുമ്പുരുക്ക് വ്യവസായ സ്ഥാപനങ്ങൾ അനധികൃതമായി നടക്കുകയാണ്. കറന്റ് കക്കുകയാണെന്നാണ് ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. ഇരുപത്തഞ്ചോമ്പത് കോടി രൂപയുടെ വൈദ്യുതി കട്ടു എന്നാണ് കണക്ക്. ഈ സ്ഥാപനങ്ങൾ ഇപ്പോഴും അവിടെ തുടരുകയാണോ; ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ചില വ്യവസായങ്ങൾ നേരത്തെ പറഞ്ഞ കാരണം കൊണ്ട് പൂട്ടുന്നുണ്ട്. അതോടൊപ്പം പുതിയ വ്യവസായങ്ങൾ വരുന്നുണ്ട്. എന്നതാണ് സത്യം. കറന്റുകുക്കുന്ന വ്യവസായങ്ങളെ നെഗറ്റീവ് ലിസ്റ്റിലാണ് വ്യവസായ വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളത്. അങ്ങ് സൂചിപ്പിച്ച വ്യവസായങ്ങളെയെല്ലാം നെഗറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ പുതിയ വ്യവസായങ്ങൾ വരുന്നത് പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റിന് ഉദ്ദേശമില്ല., കറന്റുചാർജ് വർദ്ധനവ് വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നതിന് യാതൊരുതർക്കവുമില്ല. ഈ കാര്യത്തിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരും.

ശ്രീ. ടി. പി. എം. സാഹിർ : സർ, GIM-നു ശേഷം വൻകിട വ്യവസായികൾ മുതൽമുടക്കാൻ സന്നദ്ധത പ്രകടിപ്പിച്ച വിവിധ പ്രോജക്ടുകൾ പൈപ്പ്ലൈനിലാണെന്ന് അറിയാൻ സാധിച്ചു. ചെറുകിട വ്യവസായങ്ങളിൽ ഇന്ന് മുതൽമുടക്കാൻ ആളില്ല. ഈ രംഗത്ത് ഗവൺമെന്റിന്റെ വിവിധ സബ്സിഡികൾ പിൻവലിച്ചു. അതൊടൊപ്പം വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒറ്റത്തവണ പഴയ കടങ്ങൾ വീട്ടാനുള്ള സ്കീം പോലുള്ള സ്കീം വ്യവസായ വകുപ്പിൽ ഇന്ന് നിലവിലില്ല. അതുകൊണ്ട് വ്യവസായികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിച്ച് ചെറുകിട വ്യവസായരംഗം ആകർഷണീയമാക്കാൻ അങ്ങ് പദ്ധതികൾ കൊണ്ടുവരുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ചെറുകിട വ്യവസായങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് B to B meet സംഘടിപ്പിച്ചിട്ടുള്ളത്. ചെറുകിട ഇടത്തരം വ്യവസായങ്ങളെ സംബന്ധിച്ച് ഈ നിർദ്ദേശം പരിഗണിച്ച് മറ്റു സ്റ്റേറ്റുകളിൽ എങ്ങനെയാണ്, ഈ ഓപ്പൺ പോളിസിക്കു ശേഷം എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് പരിശോധിച്ച് ഇവിടെ നടപ്പാക്കാൻ പറ്റുമോ എന്നാലോചിക്കാം.

ശ്രീ. സാജു പോൾ : സർ, നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാനുള്ള വ്യഗ്രതകൊണ്ട് ഭരണനേതൃത്വം എടുത്തിട്ടുള്ള നടപടികൾ, വ്യവസായ, തൊഴിൽ വകുപ്പുമന്ത്രിമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ അരങ്ങേറിയ പ്രകടനങ്ങൾ, വ്യവസായ കേരളത്തിന് മറക്കാൻ കഴിയില്ല. പക്ഷേ ശ്രീ. എ. കെ. ബാലൻ ചോദിച്ചതുപോലെ ഇൻഫ്രാസ്ട്രക്ചർ രംഗത്ത് വൈദ്യുതി ഉൾപ്പെടെയുള്ള കാര്യത്തിന് മുൻഗണന കൊടുത്തുകൊണ്ട് ഒരു Infrastructure Development Bill ഈ സഭയിൽ അവതരിപ്പിക്കുകയും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തിരുന്നു. ആ കമ്മിറ്റി ഒരു തവണമാത്രമേ യോഗം ചേർന്നിട്ടുള്ളൂ. ഇപ്പോൾ ആ ബില്ലിന്റെ സ്ഥിതി എന്താണ്. ആ ബിൽ പാസ്സാക്കി; കേരളത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, Infrastructure Development Bill സഭയിൽ കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അതിന്റെ സെലക്ട് കമ്മിറ്റി കഴിയുന്നത്ര വേഗം വിളിച്ചു ചേർക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളോട് ഗവൺമെന്റ് കൂടുതൽ ഉദാരമായ ഒരു സമീപനം സ്വീകരിക്കുന്നതായാണ് എനിക്ക് തോന്നുന്നത്. ഇവിടെ കൈത്തറി രംഗത്ത് പല സ്ഥാപനങ്ങളും അവരുടെ ഷോറൂമുകളിൽ എക്സിബിറ്റ് ചെയ്യുന്ന മുഴുവൻ കൈത്തറി ഉത്പന്നങ്ങളും പല സംസ്ഥാനത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിക്കൊണ്ടുവന്നാണ് ഇവിടെ എക്സിബിറ്റ് ചെയ്യുകയും വിൽപ്പന നടത്തുകയും ചെയ്യുന്നത്. ഇവിടെ ഉത്പാദിപ്പിക്കുന്ന കൈത്തറിയോട് വലിയ അവഗണന കാണിക്കുകയും ആ സംഘങ്ങളെ നിരുത്സാഹപ്പെടുത്തുകയും അവർക്ക് റിബേറ്റ് കൂടിശ്ശിക കൊടുക്കാതിരിക്കുകയും ചെയ്യുന്ന വളരെ മോശമായ സമീപനം വളരെ കാലമായി കേരളത്തിൽ തുടരുന്നു. കേരളത്തനിമ നിലനിർത്തുവാൻ കേരളത്തിലുത്പാദിപ്പിക്കുന്ന കൈത്തറിയോട് ഒരു ആഭിമുഖ്യം പുലർത്താനും ഈ മേഖലയ്ക്കുവേണ്ടി കൂടുതൽ പണം നീക്കിവയ്ക്കാനും പരമ്പരാഗത കൈത്തറി തൊഴിലാളികളെ സഹായിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലപ്പോഴും റിബേറ്റ് അടിച്ചേടുക്കാൻപോലും ഈ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. ഇത് നിരുത്സാഹപ്പെടുത്തണം അതുപോലെതന്നെ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കൈത്തറിവസ്ത്രങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കും.

ശ്രീ. ടി. കെ. ദേവകുമാർ : സർ, കഴിഞ്ഞ ദിവസം ശ്രീ. എ. കെ. ബാലന്റെ ശ്രദ്ധക്ഷണിക്കലിന് വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പല വ്യവസായങ്ങളും technology upgradation ഇല്ലാത്തതുകൊണ്ടാണ് അടച്ചു പൂട്ടുന്നതെന്ന് വ്യക്തമാക്കി. കേരളത്തിൽ തിരിസന്ധി അഭിമുഖീകരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ വിശിഷ്യാ കെൽട്രോൺപോലെയുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ technology upgradation -നു വേണ്ടി സ്വകാര്യ നിക്ഷേപം സ്വീകരിക്കാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ; ഈ മേഖലയിൽ വിദേശനിക്ഷേപം സ്വീകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഈ പ്രതിസന്ധി പരിഹരിക്കാൻ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആ സ്ഥാപനത്തിന്റെ പേര് വെളിപ്പെടുത്തുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. കെൽട്രോണിനെ സംബന്ധിച്ച് കെൽട്രോൺ പുനരുജ്ജീവിപ്പിക്കുന്നതിന് പല നിർദ്ദേശങ്ങളും ഉണ്ട്. പേര് ഇപ്പോൾ വെളിപ്പെടുത്തുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് വെളിപ്പെടുത്തുന്നില്ല.

ശ്രീ. വർക്കല കഹാർ : സർ, നല്ല തൊഴിൽ അവസരമുണ്ടാക്കുന്നതിന്റെ ആവശ്യകത 2000-ൽ സമരങ്ങൾ കുറഞ്ഞതിന്റെയും കഴിഞ്ഞ രണ്ടുവർഷങ്ങളായി സമരം അതിന്റെ നാലിരട്ടിയായി വർദ്ധിച്ചതിന്റെയും കാര്യം ഇവിടെ പറഞ്ഞു. ഇത് ഭരണത്തിലിരിക്കുമ്പോൾ ക്രിയാത്മകവും പ്രതിപക്ഷത്തിലിരിക്കുമ്പോൾ നിഷേധാത്മകവുമായ നയം രാഷ്ട്രീയ പാർട്ടികൾ സ്വീകരിക്കുന്നതുകൊണ്ട് കൂടിയാണ്. എന്റെ ചോദ്യം ഇത് അവസാനിപ്പിക്കുന്നതിന് വ്യവസായ നിക്ഷേപത്തിന്റെ വർദ്ധനവിൽ വിദേശ മലയാളികളുടെ സമീപനവും പങ്കും വിശദമാക്കാമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, വിദേശ മലയാളികൾ കൂടുതൽ മുതൽമുടക്കിനു തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട് ഇപ്പോൾത്തന്നെ കൊച്ചിയിലും തൃശൂരിലും ഉള്ള പല സംരംഭങ്ങളും വിദേശ മലയാളികളുടെ മേൽനോട്ടത്തിലും മുതൽമുടക്കിലുമാണുള്ളത്. അവർ ഗണ്യമായ പങ്കാണ് വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, വ്യാവസായി ം നിക്ഷേപം കേരളത്തിൽ വർദ്ധിച്ചതായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെട നത്. കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന വ്യവസായങ്ങൾ പരമ്പരാഗത മേഖലയിലുള്ള വിവിധ വ്യവസായങ്ങളാണ്. വ്യാവസായിക നിക്ഷേപത്ത ുള്ള വർദ്ധനവ് ഏതൊക്കെ തരത്തിൽ പരമ്പരാഗത വ്യവസായ മേഖലയുടെ ികാസത്തിനും അതിന്റെ പുനരുദ്ധാരണത്തിനും സഹായകരമാണോ അതുവഴി ടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള സഹായകരമാ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട് ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പൊതുവ യി പറഞ്ഞാൽ പുതുതായി വന്നിട്ടുള്ള അപ്പാരൽ പാർക്കുകൾ എല്ലാംതന്നെ ക ുതൽ തൊഴിൽ നൽകുന്ന സ്ഥാപനങ്ങളാണ്. നമ്മുടെ കിൻഫ്രാ പാർക്കുകളുടെ ഉള്ള ിൽ വരാനിരിക്കുന്ന അപ്പാരൽ പാർക്കുകൾ എല്ലാം വസ്ത്ര വ്യവസായവുമായി ബന്ധ ട്ടതാണ്. അതുപോലെതന്നെ കൈത്തറിയെ സംബന്ധിച്ച് കണ്ണൂരിൽ പുതുതായി തുടങ്ങുന സംരംഭം ഈ വ്യവസായത്തെ പുനരുദ്ധരിക്കുമെന്നുമാത്രമല്ല കൂടുതൽ തൊഴിൽ സൗകര ങ്ങൾ നൽകുന്നതുമാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, രണ്ടുമൂന്നുവർഷ മായി ചെറുകിട വ്യവസായവും ഇടത്തരം വ്യവസായവും തുടങ്ങുന്നതിന്റെ എണ്ണം കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുപോലെതന്നെ നിലവിലുള്ള ചെറുകിട വ്യവസായങ്ങളും ഇടത്തരം വ്യവസായങ്ങളും അടച്ചുപൂട്ടികൊണ്ടിരിക്കുകയുമാണ്. ഈ സ്ഥിതി കണ്ടില്ലെന്നു നടിക്കുന്ന ഗവൺമെന്റിന്റെ ഈ നയം മാറ്റി അടുത്ത വർഷങ്ങളിൽ ചെറുകിട വ്യവസായങ്ങളും വൻകിട -ഇടത്തരം വ്യവസായങ്ങളും നിലവിൽ വരുന്നതിന് ആവശ്യമായ പ്രോത്സാഹനം നേരത്തെ കൊടുത്തുകൊണ്ടിരുന്ന പ്രോത്സാഹനം പോലെ എന്തെങ്കിലും നല്കാൻ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാവുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അതുകൊണ്ടാണ് അടുത്ത B to B meet, ഇതിന് specialise ചെയ്തിട്ടുള്ള ഒരു പരിപാടിയാക്കി മാറ്റണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൂടുതൽ ഇടത്തരം/ചെറുകിട വ്യവസായികൾ സംസ്ഥാനത്ത് വരുന്നതിനുള്ള നടപടിയായിരിക്കും അടുത്ത സെപ്റ്റംബറിലുണ്ടാകുന്ന B to B meet-ൽ പ്രധാന അജണ്ടയായി വയ്ക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇവിടെ നേരത്തേ സൂചിപ്പിച്ച കൂട്ടത്തിൽ National Textile Corporation-ന്റേതായാലും KSTC-യുടേതായാലും സീതാറാം ടെക്സ്റ്റൈൽസ് പോലുള്ള ഗവൺമെന്റ് മില്ലുകളായാലും അത്തരം സ്ഥാപനങ്ങളിൽ പുതിയ നിക്ഷേപത്തിനുള്ള സാധ്യതയുണ്ടോ; സീതാറാം ടെക്സ്റ്റൈൽ മില്ലിൽ അങ്ങു നടത്താനിരുന്ന സന്ദർശന പരിപാടി മാറ്റിവച്ചത് ഇനി എന്നേയ്ക്കാണ് തീരുമാനിച്ചിട്ടുള്ളതെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, സീതാറാം ടെക്സ്റ്റൈൽസിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ട്. അടുത്തുതന്നെ അവിടം സന്ദർശിക്കുന്നതാണ്. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൂടുതൽ നിക്ഷേപം നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാനുള്ള ശ്രമമുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)